**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1315** **07-02-2023 - ൽ മറുപടിയ്ക്ക്**

**സാഹസിക ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാഹസിക ടൂറിസത്തിന് പ്രാധാന്യം നൽകി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; സാഹസിക പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്നതിന് പഠന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി സോഫ്റ്റ് അഡ്വെഞ്ചർ പാർക്കുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് സാഹസിക ടൂറിസത്തിന് പ്രാധാന്യം നൽകി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ മാറാട് നിന്നും ഗോദീശ്വരത്ത് നിന്നുമായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ 10 യുവാക്കൾക്ക് കോവളത്തും വർക്കലയിലുമായി 3 മാസം നീണ്ടു നിന്ന സർഫിംഗ് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. വിജയകരമായി ട്രെയിനിംഗ് പൂർത്തിയാക്കി അന്താരാഷ്ട്ര സർഫിംഗ് അസോസിയേഷന്റെ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ യുവാക്കളുടെ നേതൃത്വത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ മേൽനോട്ടത്തിലുള്ള ആദ്യ സർഫിംഗ് അക്കാദമി നിലവിൽ ഗോദീശ്വരം ബീച്ചിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ തിരുവനന്തപുരം ആക്കുളം പാർക്കിലും വാഗമൺ അഡ്വഞ്ചർ പാർക്കിലും, ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സോഫ്റ്റ് അഡ്വഞ്ചർ പാർക്കുകൾ പ്രവർത്തിച്ചു വരുന്നു. |
| (ബി) | അന്താരാഷ്ട്ര നിലവാരത്തിലുള്ള ജല സാഹസിക ടൂറിസം പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | ജല സാഹസിക ടൂറിസം പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. കോഴിക്കോട് ഗോദീശ്വരം ബീച്ചിൽ സാഹസിക അക്കാദമി തുടങ്ങിയത് ഇതിന്റെ ഭാഗമായാണ്. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കയാക്കിംഗ് ഉൾപ്പെടെ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കടൽ തീരമുള്ള 9 ജില്ലകളിലും കടലിലേയ്ക്ക് നീളുന്ന ഫ്ലോട്ടിംഗ് ബ്രിഡ്ജ് സജ്ജമാക്കുന്നതിനുള്ള നടപടികളും നടന്നു വരികയാണ്. നിലവിൽ കോഴിക്കോട് ജില്ലയിൽ ഇരുവഞ്ഞിപ്പുഴയിലും ചാലിപ്പുഴയിലും മലബാർ റിവർ ഫെസ്റ്റിവൽ എന്ന പേരിൽ നിരവധി വിദേശ രാജ്യങ്ങളിൽ നിന്നുള്ള അന്താരാഷ്ട്ര കയാക്കർമാർ |

| | | | |
|---|---|---|---|
| | | | മാറ്റുരയ്ക്കുന്ന ജല സാഹസിക മേള എല്ലാ വർഷവും കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (കെ. എ. റ്റി. പി എസ്.) യുടെ നേതൃത്വത്തിൽ നടത്തിവരുന്നു. ഇതിനു പുറമെ ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ സംഘടിപ്പിച്ചു വരുന്നു. ഈ വർഷം വേൾഡ് സർഫിംഗ് അസോസിയേഷന്റെ സഹകരണത്തോടെ വർക്കലയിൽ അന്തർദേശീയ സർഫിംഗ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുന്ന കാര്യവും പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ